# എട്ടുകാലികളെ സ്വാഗതം..

കൊയ്തൊഴിഞ്ഞു
ദേശാടനക്കിളികൾ പറന്നകന്നു ‘
ചവിട്ടിമെതിച്ച പാടംപോലെ
അലങ്കോലപ്പെട്ടുപോയ എൻ സ്വീകരണമുറി
ഇനി നിങ്ങള്ക്ക് കടന്നു വരാനായി
ഞാൻ വൃത്തിയാക്കിയെടുക്കട്ടെ ,
കാലുകൾ മുന്നിലേക്കും പിന്നിലേക്കും
പിന്നെ വശങ്ങളിലെക്കും
മെല്ലെ മെല്ലെ വെച്ചുവരിക ,
എന്റെ ഓർമയുടെ വളപ്പൊട്ടുകൾക്ക് മീതെ
മാറാലകൾ നെയ്തു കൂട്ടുക ,
ഭ്രാന്തൻ ചിന്തകൾ പിറവിയെടുക്കുന്ന
എന്റെ തലച്ചോറിനെ
നിങ്ങളിനി വലകളാൽ പൊതിയുക
എന്റെ നേത്രങ്ങളെയും നിങ്ങൾ ഒഴിവാക്കേണ്ട ,
ബുദ്ധവിഗ്രഹമെങ്ങെന്നു തേടി തളർന്ന
അവരെയും പൊതിഞ്ഞു വെക്കുക
ഇല്ലെങ്കിലവർ
കാഴ്ചകളിൽ നിന്ന് ഏതെങ്കിലും
മന്ത്രത്താക്കോൽ തിരഞ്ഞെടുത്ത്
ഓർമകളുടെ ചെപ്പു പിന്നെയും തുറക്കും
കാക്കകൂട്ടിലെയ്ക്ക് കല്ലിട്ടാലെന്ന പോലെ
പറന്നുയരുന്ന  ചിന്തകളെ ആട്ടിപ്പായിക്കുവാൻ
ഒരു മന്ത്ര വടിയുമിന്നീ കൈകളിലില്ല !

എന്റെ ബുദ്ധ വിഗ്രഹം എവിടെയാണ് കളഞ്ഞു പോയത് ?